## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3220

13.03.2017 - ൽ മറുപടിക്ക്.

### കുടുംബശ്രീ മിഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ വി.പി.സജീന്ദ്രൻ<br>ശ്രീ വി.ടി.ബൽറാം | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദാരിദ്ര്യ നിർമ്മാർജ്ജനപ്രവർത്തനങ്ങളിലും സാമൂഹ്യ സാമ്പത്തിക ശാക്തീകരണ മേഖലകളിലും കുടുംബശ്രീ നടത്തിയ സ്വാധീനത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും സാമൂഹ്യ സാമ്പത്തിക ശാക്തീകരണ മേഖലകളിലും കുടുംബശ്രീ നടത്തിയ സ്വാധീനത്തെക്കുറിച്ച് പഠനം നടത്തുന്നതിന് ലാറിബേക്കർ സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. കൂടാതെ ഡൽഹി യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്കണോമിക് ഗ്രോത്തിന്റെ മുൻ ഡയറക്ടർ ബീന അഗർവാളിന്റെ നേതൃത്വത്തിലും മറ്റൊരു പഠനം നടന്നുകൊണ്ടിരിക്കുകയാണ്. |
| (ബി) കുടുംബശ്രീ മിഷന്റെ പ്രവർത്തന കാലാവധി എത്ര വർഷത്തേക്കാണ് നിലവിൽ ദീർഘിപ്പിച്ചിട്ടുള്ളത്; | (ബി) 10 വർഷം കൊണ്ട് കേവല ദാരിദ്ര്യ നിർമ്മാർജ്ജനം നടപ്പിലാക്കുമെന്നാണ് കുടുംബശ്രീ ദൗത്യപ്രസ്താവനയിൽ പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ കുടുംബശ്രീ മിഷന്റെ പ്രവർത്തന കാലാവധി ഇതുവരെ നിജപ്പെടുത്തിയിട്ടില്ല. ആയതിനാൽ കുടുംബശ്രീ മിഷന്റെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചിട്ടുമില്ല. |
| (സി) കുടുംബശ്രീയുടെ പ്രവർത്തന ഫലമായി എത്ര ബി.പി എൽ. കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കുവാൻ കഴിഞ്ഞു; | (സി) കുടുംബശ്രീയുടെ പ്രവർത്തന ഫലമായി എത്ര ബിപിഎൽ കുടുംബങ്ങളെ ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിക്കാൻ കഴിഞ്ഞുവെന്ന് ഇപ്പോൾ നടന്നുവരുന്ന പഠനങ്ങളുടെ റിപ്പോർട്ട് ലഭിച്ചെങ്കിൽ മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളു. നിലവിൽ കുടുംബശ്രീയുടെ ആകെ അംഗങ്ങളിൽ 22 ലക്ഷം അംഗങ്ങൾ ബിപിഎൽ കുടുംബങ്ങളിൽ ഉൾപ്പെട്ടവരാണ്. |
| (ഡി) കുടുംബശ്രീ മുഖേന ആരംഭിച്ച എത്ര സൂക്ഷ്മ സ്വയം തൊഴിൽ സംരംഭങ്ങൾ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്; എത്ര കോടി രൂപ കുടുംബശ്രീ മിഷൻ പ്രസ്തുത സംരംഭങ്ങൾക്ക് സബ്സിഡിയായി നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ സംരംഭങ്ങളെക്കുറിച്ച് 2017 ഏപ്രിൽ - മെയ് മാസങ്ങളിലായി നടത്താനുദ്ദേശിക്കുന്ന സർവ്വേയ്ക്ക് ശേഷമേ വിജയകരമായി പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമാവുകയുള്ളൂ. 2003 മുതൽ നാളിതുവരെ ഗ്രൂപ്പ് - വ്യക്തഗത സംരംഭങ്ങൾക്കായി ആകെ 78,94,04,646/- രൂപ സബ്സിഡി ഇനത്തിൽ കുടുംബശ്രീ മിഷൻ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ